**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4797** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ഷാർജ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ വൈക്കം മുഹമ്മദ് ബഷീർ സ്മാരകം ഉൾപ്പെടെയുള്ള ഷാർജ പ്രോജക്ട് പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ തീരുമാനമെടുത്തിരുന്നോ; വ്യക്തമാക്കുമോ; | (എ) | ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര കൺവെൻഷൻ & എക്സിബിഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30 ഏക്കർ 40 സെന്റ് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഷാർജ ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച ശേഷം മാത്രം നടപ്പാക്കുന്നതിനായി മാറ്റിവച്ചിട്ടുണ്ട്.<br><br>ഉള്ളിയേരി വില്ലേജിലെ റീസർവേ നം. 24/1 ൽ പ്പെട്ട 20.07 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. K.S.F.D.C. MD യുമായി ചേർന്ന് സംയുക്തമായ പരിശോധന നടത്തി ഭൂമിയുടെ അനുയോജ്യത നിർണയിച്ച് റിപ്പോർട്ട് നൽകാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര കൺവെൻഷൻ & എക്സിബിഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30 ഏക്കർ 40 സെന്റ് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഷാർജ ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച ശേഷം മാത്രം നടപ്പാക്കുന്നതിനായി മാറ്റിവച്ചിട്ടുണ്ട്.<br><br>ഉള്ളിയേരി വില്ലേജിലെ റീസർവേ നം. 24/1 ൽ പ്പെട്ട 20.07 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. K.S.F.D.C. MD യുമായി ചേർന്ന് സംയുക്തമായ പരിശോധന നടത്തി ഭൂമിയുടെ അനുയോജ്യത നിർണയിച്ച റിപ്പോർട്ട് നൽകാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ